# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.08.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ആന്ധ്രാപ്രദേശും കർണാടകയും സന്ദർശിക്കും.

   **Prime Minister Narendra Modi will visit Andhra Pradesh and Karnataka today.**

2. പശ്ചിമേഷ്യൻ മേഖലയിലെ സംഘർഷാവസ്ഥയിൽ ഇന്ത്യയുടെ ആശങ്ക ഇറാൻ വിദേശകാര്യ മന്ത്രിയെ അറിയിച്ച് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ.

   **External Affairs Minister S. Jaishankar conveyed India's concerns over the tense situation in the West Asian region to the Iranian Foreign Minister.**

3. ഊർജ്ജ സംഭരണ സംവിധാനമുള്ള ഫ്ലോട്ടിംഗ് സോളാർ ഫോട്ടോ വോൾട്ടെയ്ക് പദ്ധതികൾ വികസിപ്പിക്കുന്നതിന് പ്രധാനമന്ത്രി സൂര്യ സരോവർ യോജനക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

   **The Union Cabinet has approved the Pradhan Mantri Surya Sarovar Yojana to develop floating solar photovoltaic projects with energy storage system**

4. കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ ഇന്ന് മുതൽ രാജ്യവ്യാപകമായി ലോക മുലയൂട്ടൽ വാരം ആചരിക്കും.

   **World Breastfeeding Week will be observed nationwide from today under the leadership of the Union Ministry of Women and Child Development.**

5. **കേരളത്തിൽ അതിശക്തമായ മഴ തുടരുന്നു. വിവിധ ജില്ലകളിൽ ചുവപ്പ് ജാഗ്രത. ജനങ്ങൾ അതീവ ജാഗ്രത പുലർത്തണമെന്ന് അധികൃതർ.**

   **Heavy rain continues in Kerala. Red alert in various districts. Authorities ask people to be extremely vigilant.**

6. **കോമൺവെൽത്ത് ഗെയിംസിൽ ചരിത്രനേട്ടം കൈവരിച്ച് ഇന്ത്യ. ജൂഡോയിൽ ഇന്നലെ ഇന്ത്യക്ക് ആദ്യ സ്വർണ്ണം.**

   **India achieves historic achievement at the Commonwealth Games. India won its first gold in judo yesterday.**

☸☸☸☸☸☸☸☸☸☸☸☸☸☸☸

## PM ANDRA

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ആന്ധ്രാപ്രദേശും കർണാടകയും സന്ദർശിക്കും. ആന്ധ്രാപ്രദേശിലെ വിജയനഗരം ജില്ലയിൽ അല്ലൂരി സീതാരാമ രാജു അന്താരാഷ്ട്ര വിമാനത്താവള ത്തിൻറെ ഉദ്ഘാടനം പ്രധാനമന്ത്രി നിർവഹിക്കും. വിശാഖ പട്ടണത്തെ സെമികണ്ടക്ടർ പദ്ധതിയുടെയും, കുർണൂൽ പുനരുപയോഗ ഊർജ്ജ സോണിൻറെയും ശിലാസ്ഥാപനത്തിന് പുറമേ 1,880 കോടിയുടെ ദേശീയപാത പദ്ധതികൾക്കും അദ്ദേഹം തുടക്കം കുറിക്കും. തുടർന്ന് കർണാടകയിലെത്തുന്ന പ്രധാനമന്ത്രി മൈസുരുവിൽ സ്വാമി വിവേകാനന്ദ യുവജന സാംസ്കാരിക കേന്ദ്രം ഉദ്ഘാടനം ചെയ്യും.

☸☸☸☸☸☸☸☸☸☸☸☸☸☸☸

## PM-(INTRO)

വഴിതെറ്റിപ്പോയ യുവാക്കളെ ശിക്ഷിക്കുന്നതിന് പകരം, രാഷ്ട്ര നിർമ്മാണ ത്തിന്റെയും ദേശീയ താൽപ്പര്യത്തിന്റെയും അടിസ്ഥാന ത്തിൽ ശരിയായ പാതയിലേക്ക് നയിക്കണമെന്നും അവരോട് കരുണ കാണിക്കണമെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി അഭ്യർത്ഥിച്ചു. ഡൽഹി ജന്തർ മന്തറിൽ തനിക്കെതിരെയും അന്തരിച്ച തന്റെ മാതാവിനെതിരെയും അധിക്ഷേപ കരമായ ഭാഷ പ്രയോഗിച്ചതിനെക്കുറിച്ച് പ്രതികരിക്കുകയായിരുന്നു അദ്ദേഹം. വിഷയത്തിൽ ഉൾപ്പെട്ട കുട്ടികളോട് താൻ ക്ഷമിക്കുകയാണെന്ന് പറഞ്ഞ അദ്ദേഹം, അതേ കരുണയും ഉൾക്കാഴ്ചയും പുലർത്താൻ ജനങ്ങളോട് അഭ്യർത്ഥിച്ചു.

(VOICE)

## JAISHANKAR-IRAN FM

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ഇന്നലെ വൈകുന്നേരം ഇറാൻ വിദേശ കാര്യ മന്ത്രി അബ്ബാസ് അരാഗ്ചിയുമായി സംസാരിക്കുകയും, പശ്ചിമേഷ്യൻ മേഖലയിൽ തുടരുന്ന സംഘർഷാവസ്ഥയിൽ ഇന്ത്യയ്ക്കുള്ള അതീവ ആശങ്ക അറിയിക്കുകയും ചെയ്തു. വാണിജ്യ കപ്പലുകൾക്കും നാവികർക്കും നേരെയുള്ള ആക്രമണങ്ങൾ ഏത് സാഹചര്യത്തിലും ഒഴിവാക്കണമെന്ന്, ടെലിഫോൺ സംഭാഷണത്തിനിടെ ഡോ. ജയശങ്കർ ശക്തമായി ആവശ്യപ്പെട്ടു. ഏത് പക്ഷ ത്തുനിന്നുള്ളതായാലും ഇത്തരം ആക്രമണങ്ങളെ ഇന്ത്യ അപലപിക്കുന്നുവെ ന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

## GOVT-META SUMMON

ചോദ്യ പേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഫേസ്ബുക്ക് പോസ്റ്റ് നിയന്ത്രിച്ച വിഷയത്തിൽ സമൂഹ മാധ്യമ കമ്പനിയായ മെറ്റയുടെ ഉന്നത ഉദ്യോഗസ്ഥരെ ചോദ്യം ചെയ്യും. അൽഗോരിതത്തിന്റെ പ്രവർത്തന രീതിയെ സംബന്ധിച്ചും, ക്രമസമാധാന പാലനത്തിൽ കമ്പനി യുടെ പങ്കിനെപറ്റിയും ചോദ്യം ചെയ്യൽ ഉണ്ടാകുമെന്ന് ഔദ്യോഗിക വൃത്ത ങ്ങൾ അറിയിച്ചു. സാങ്കേതിക തകരാറാണ് സംഭവത്തിന് കാരണമെന്ന് മെറ്റ അറിയിക്കുകയും ക്ഷമാപണം നടത്തുകയും ചെയ്തിരുന്നു. എന്നാൽ കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം ആ വിശദീകരണം അപര്യാപ്തമാണെന്ന് കണ്ടെത്തുകയായിരുന്നു.

## CABINET - ASHWANI

ഊർജ സംഭരണ സംവിധാനമുള്ള ഫ്ലോട്ടിംഗ് സോളാർ ഫോട്ടോ വോൾട്ടെയ്ക് പദ്ധതികൾ വികസിപ്പിക്കുന്നതിന് പ്രധാനമന്ത്രി സൂര്യ സരോവർ യോജനക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. പദ്ധതിയുടെ ഭാഗമായി അടുത്ത 5 വർഷത്തിൽ 5,000 മെഗാവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാറുകൾ സ്ഥാപിക്കും. സമുദ്ര പര്യവേക്ഷണങ്ങൾക്കായി 84 ആയിരം കോടിയിലധികം രൂപയുടെ 'സമുദ്ര മന്ഥൻ' പദ്ധതിക്കും അംഗീകാരം നൽകിയതായി കേന്ദ്ര

മന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി പദ്ധതി 2030-31 വരെ തുടരുന്നതിന് അംഗീകാരം നൽകി. കൂടാതെ കായിക വികസനത്തിനായി 'ഖേലോ ഇന്ത്യ' പദ്ധതിയുടെ വിപുലീകരണത്തിനും തീരുമാനമായതായി അദ്ദേഹം പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸☸☸

## WORLD BREASTFEEDING WEEK

കേന്ദ്ര വനിതാ ശിശുവികസന മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ ഇന്ന് മുതൽ രാജ്യവ്യാപകമായി ലോക മുലയൂട്ടൽ വാരം ആചരിക്കും. ശിശുക്കളുടെ ആരോഗ്യ പരിപാലനത്തിൽ മുലയൂട്ടലിനുള്ള പ്രാധാന്യത്തെക്കുറിച്ച് അറിവ് പകരുന്നത് ലക്ഷ്യമിട്ടാണ് വാരാചരണം. എല്ലാ അമ്മമാർക്കും മുലയൂട്ടാനുള്ള സാഹചര്യം ഒരുക്കാൻ ആരോഗ്യ പ്രവർത്തകരും സമൂഹവും മുന്നോട്ട് വരണമെന്നും മന്ത്രാലയം ആവശ്യപ്പെട്ടു.

☸☸☸☸☸☸☸☸☸☸☸☸☸☸☸

## PM-UK PM

യുകെ പ്രധാനമന്ത്രിയായി ചുമതലയേറ്റ ആൻഡി ബർണമുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ടെലിഫോണിൽ സംസാരിക്കുകയും, അഭിനന്ദനം അറിയിക്കുകയും ചെയ്തു. സാങ്കേതികവിദ്യ, നവീകരണം, പ്രതിരോധം, സുരക്ഷ, ശുദ്ധ ഊർജ്ജം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ സഹകരിച്ച് പ്രവർത്തിക്കാനും, ഇന്ത്യ യുകെ സമഗ്ര തന്ത്രപ്രധാന പങ്കാളിത്തത്തെ പുതിയ ഉയരങ്ങളിലെത്തിക്കാനും ഇരുവരും തീരുമാനിച്ചതായി സമൂഹമാധ്യമത്തിൽ പങ്കുവെച്ച കുറിപ്പിൽ പ്രധാനമന്ത്രി വ്യക്തമാക്കി.

☸☸☸☸☸☸☸☸☸☸☸☸☸☸☸

## NT. CWG MEDALS

ഗ്ലാസ്ഗോ കോമൺവെൽത്ത് ഗെയിംസിന്റെ ഒൻപതാം ദിനത്തിൽ ചരിത്ര നേട്ടം കൈവരിച്ച് ഇന്ത്യ. ജൂഡോയിൽ ഇന്നലെ ഇന്ത്യക്ക് ആദ്യ സ്വർണ്ണം നേടാനായി. ജാവലിൻ ത്രോയിൽ ഇരട്ട നേട്ടവും ഇന്ത്യക്ക് മുതൽക്കൂട്ടായി. അസ്മിത ഡേ, ഹർഷ് സിംഗ് എന്നിവരാണ് ജൂഡോയിൽ സ്വർണം നേടിയത്. ജാവലിൻ ത്രോയിൽ നീരജ് ചോപ്ര വെള്ളിയും, യശ്വീർ സിംഗ് വെങ്കലവും നേടി. തേജസ്വിൻ ശങ്കർ ഡെക്കാത്‌ലണിൽ വെങ്കലം നേടുന്ന ആദ്യ ഇന്ത്യക്കാരനായി. 5 സ്വർണ്ണവും 12 വെള്ളിയും 6 വെങ്കലവും ഉൾപ്പെടെ 23 മെഡലു

കളുമായി ഇന്ത്യ നിലവിൽ പത്താം സ്ഥാനത്താണ്. 128 മെഡലുകളുമായി ഓസ്ട്രേലിയയാണ് ഒന്നാം സ്ഥാനത്ത്.

## RAIN - KERALAM

കേരളത്തിൽ വിവിധ ജില്ലകളിൽ അതിശക്തമായ മഴ തുടരുന്നു. കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇടുക്കി, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ചുവപ്പ് ജാഗ്രതയും മറ്റ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും പ്രഖ്യാപിച്ചു. വയനാട്, ഇടുക്കി, പത്തനംതിട്ട, കോട്ടയം, മലപ്പുറം, പാലക്കാട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു.

വിശദാംശങ്ങളിലേക്ക്...

(VOICE)

ഇന്നലെ വൈകിട്ട് മുതൽ പെയ്യുന്ന കനത്ത മഴയെ തുടർന്ന് ഇടുക്കി തൊടുപുഴയ്ക്ക് സമീപം ഉരുൾപൊട്ടി. കുടയത്തൂർ കോളപ്രയ്ക്ക് സമീപം അടൂർമലയിലാണ് ഉരുൾപൊട്ടിയത്. ഒരു വീട് തകർന്നു, ഒരാളെ കാണാതായി. പ്രദേശത്ത് രക്ഷാപ്രവർത്തനം തുടരുകയാണ്. കൊച്ചി - ധനുഷ്ക്കോടി ദേശീയപാതയിലും തൊടുപുഴ നഗരത്തിൻ്റെ വിവിധ യിടങ്ങളിലും വെള്ളം കയറി. കരിങ്കുന്നം നെല്ലാപ്പാറയിൽ രണ്ടിടത്ത് മണ്ണിടിഞ്ഞു. അടിമാലി മേഖലയിൽ പുഴ കരകവിഞ്ഞൊഴുകുന്നു. കോട്ടയം ജില്ലയുടെ കിഴക്കൻ മലയോര മേഖലകളിൽ കനത്ത മഴയാണ്. ഈരാറ്റുപേട്ട, കാഞ്ഞിരപ്പള്ളി, കൂട്ടിക്കൽ, എരുമേലി ജനവാസ മേഖലകളിൽ വെള്ളം പൊങ്ങി. അപ്രതീക്ഷിതമായ വെള്ളപ്പൊക്കത്തിൽ ഈരാറ്റുപേട്ട ടൗൺ പൂർണ്ണമായും ഒറ്റപ്പെട്ടു. നടക്കൽ, മുരിക്കോലി ഭാഗങ്ങളിൽ നിരവധി വീടുകൾ വെള്ളത്തിലായി. മണിമലയാറും പുല്ലകയാറും കരകവിഞ്ഞൊഴുകിയതോടെ കൂട്ടിക്കൽ കോസ്‌വേയും ചപ്പാത്തും മുങ്ങി. ചിറ്റാർ പുഴ കര കവിഞ്ഞതോടെ പൊൻകുന്നം - എരുമേലി റോഡിൽ മണ്ണംപ്ലാവിൽ റോഡിലേക്കും സമീപത്തെ കടകളിലേക്കും വെള്ളം ഇരച്ചുകയറി. പത്തനംതിട്ട ജില്ലയിലെ മലയോരമേഖല യായ റാന്നി, കോന്നി പ്രദേശങ്ങളിൽ മഴ തുടരുന്നു. പമ്പ, അച്ചൻകോവിൽ നദികളിൽ ജലനിരപ്പ് ഉയർന്നിട്ടുണ്ട്. പാലക്കാട് മംഗലം അണക്കെട്ടിൻ്റെയും തിരുവനന്തപുരം നെയ്യാർ, അരുവിക്കര ഡാമുകളുടെയും ഷട്ടറുകൾ തുറക്കും.

കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

## TRAWLING BAN

കേരളത്തിൽ 52 ദിവസം നീണ്ട ട്രോളിംഗ് നിരോധനം ഇന്നലെ അർദ്ധരാത്രി അവസാനിച്ചു. നിരോധനം അവസാനിച്ച പശ്ചാത്തലത്തിൽ മത്സ്യ ത്തൊഴിലാളികൾ കാലാവസ്ഥാ മുന്നറിയിപ്പുകൾ ഗൗരവമായി കാണണമെന്ന് ഫിഷറീസ് അധികൃതർ നിർദേശിച്ചു.

## MEA-POJK

പാക് അധീന കശ്മീരിലെ തിരഞ്ഞെടുപ്പ് പ്രക്രിയ, പാകിസ്ഥാൻ ഭരണകൂട ത്തോടുള്ള ജനങ്ങളുടെ കടുത്ത എതിർപ്പിന്റെയും തിരസ്കരണത്തിന്റെയും തെളിവാണെന്ന് വ്യക്തമാക്കി ഇന്ത്യ. ന്യൂഡൽഹിയിൽ മാധ്യമങ്ങളെ അഭിസംബോധന ചെയ്യവെ വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ് സ്വാളാണ് ഇക്കാര്യം അറിയിച്ചത്. പാകിസ്ഥാന്റെ നടപടികൾ സൂക്ഷ്മമായി പരി ശോധിക്കാൻ അന്താരാഷ്ട്ര സമൂഹത്തോട് ഇന്ത്യ ആവശ്യപ്പെട്ടു. ജമ്മു കശ്മീർ, ലഡാക്ക് എന്നീ കേന്ദ്രഭരണ പ്രദേശങ്ങൾ ഇന്ത്യയുടെ അവിഭാജ്യ ഘടക മാണെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു.

## FS-BHUTAN VISIT

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രിയുടെ ഭൂട്ടാനിലെ രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനം പൂർത്തിയായി. ഭൂട്ടാന്റെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പെട്ട അഞ്ചാമത് ഇന്ത്യ-ഭൂട്ടാൻ വികസന സഹകരണ ചർച്ചകൾക്ക് അദ്ദേഹം സഹ-അധ്യക്ഷത വഹിച്ചു. ഭൂട്ടാൻ രാജാവ്, പ്രധാനമന്ത്രി, വിദേശകാര്യ മന്ത്രി എന്നിവരുമായി കൂടിക്കാഴ്ച നടത്തി.

## TRUMP-IRAN

ഇറാനെതിരെ ശക്തമായ ആക്രമണം നടത്താൻ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് സൈന്യത്തിന് നിർദ്ദേശം നൽകിയതായി യുഎസ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യു. ടെഹ്റാനെ കീഴടങ്ങാൻ സമ്മർദ്ദം ചെലുത്തുക യാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ജോർദാനിലെ യുഎസ് സൈനിക കേന്ദ്രത്തിന് നേരെയുണ്ടായ ആക്രമണത്തെത്തുടർന്ന് ശക്തമായ തിരിച്ചടി ഉണ്ടാകുമെന്ന് പ്രസിഡന്റ് ട്രംപ് നേരത്തെ മുന്നറിയിപ്പ് നൽകിയിരുന്നു.

☸☸☸☸☸☸☸☸☸☸☸☸☸☸☸

## NASHA MUKTA YUVA

ലഹരി ഉപയോഗത്തിനെതിരെ യുവജനങ്ങളെ അണിനിരത്തുന്ന തിനായി നശാ മുക്ത് യുവ ഫോർ വികസിത് ഭാരത് സങ്കൽപ് അഭിയാന് പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ തുടക്കം കുറിക്കും. മൈ ഭാരതിലൂടെ ക്യാമ്പയിൻറെ ഭാഗമാകുന്ന യുവജനങ്ങൾ നശാ മുക്തി പ്രതിജ്ഞ ഏറ്റുചൊല്ലും.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸
☸☸☸☸☸☸☸☸☸☸☸
☸☸☸☸☸